പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

**ക്ഷീരകർഷകരെ തൊഴിലുറപ്പ് പദ്ധതിയുടെ പരിധിയിൽപെടുത്തുന്നതിന് നടപടി**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1432 | 02.07.2015 ൽ മറുപടിക്ക്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.വി.വിജയദാസ് | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) | |
| (എ) | ക്ഷീരകർഷകരെ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ; | (എ) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം പട്ടിക 1 പ്രകാരം, മൃഗപരിപാലനം പ്രോത്സാഹിപ്പിക്കുന്നതിന് അടിസ്ഥാന സൗകര്യങ്ങളായ തൊഴുത്ത്, പുൽത്തൊട്ടി എന്നിവയുടെ നിർമ്മാണം പദ്ധതിയിലേറ്റെടുത്തു വരുന്നു. ഏറ്റവും കുറഞ്ഞത് രണ്ട് കറവമാടുകളെ പരിപാലിക്കുന്നവരും ഒരു വർഷം 150 ദിവസമെങ്കിലും ക്ഷീരസംഘത്തിൽ 10 ലിറ്റർ പാൽ നൽകുന്നവരുമായ ക്ഷീരകർഷകരുടെ മൃഗപരിപാലനവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ തൊഴിലുറപ്പ് പദ്ധതിയിലെ അനുവദനീയമായ പ്രവൃത്തിയിനമായി ഉൾപ്പെടുത്തണമെന്നാ വശ്യപ്പെട്ട് സംസ്ഥാനം കേന്ദ്രസർക്കാരിന് നിവേദനം സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | ഇക്കാര്യത്തിലുള്ള നിലപാട് വ്യക്തമാക്കുമോ? | (ബി) | അനുകൂലമായ മറുപടി നാളിതുവരെ ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ